**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2513** **24-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട ജില്ലാ ട്രഷറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട ജില്ലാ ട്രഷറി പുതുക്കിപ്പണിയുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | പരിഗണനയിലുണ്ട്. കാട്ടാക്കട സബ് ട്രഷറി നിർമ്മാണവുമായി ബന്ധപ്പെട്ട പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോടും സർക്കാർ അക്രെഡിറ്റഡ് ഏജൻസി ആയ HLL Life Care Ltd - നോടും ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. എന്നാൽ HLL Life Care Ltd ഇതുവരെ പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ചിട്ടില്ല. പ്രസ്തുത എസ്റ്റിമേറ്റുകൾ ലഭ്യമാക്കിയ ശേഷം ട്രഷറി ഡയറക്ടർ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപോസൽ സർക്കാരിലേക്ക് നൽകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ